# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2801 | 14/02/2013-ൽ മറുപടിക്ക്

## സംസ്ഥാന ട്രൈബൽ മിഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | സംസ്ഥാന ട്രൈബൽ മിഷന്റെ (റ്റി.ആർ.ഡി.എം) പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ; | എ | വിലയിരുത്താറുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള എംപവേർഡ് മിഷൻ കമ്മിറ്റി കൂടി സംസ്ഥാന ട്രൈബൽ മിഷൻ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. മുൻ വർഷത്തിൽ 15.03.2012, 06.10.2012 എന്നീ തീയതികളിൽ സംസ്ഥാന എംപവേർഡ് കമ്മിറ്റി കൂടി പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. ഇതു കൂടാതെ മിഷൻ ചീഫ് (ഗവൺമെന്റ് സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ്) എല്ലാ മാസവും ടി.ആർ.ഡി.എം ന്റെ അവലോകന യോഗം കൂടാറുണ്ട്. ഇതു കൂടാതെ എല്ലാ ജില്ലകളിലും കളക്ടർ ചെയർമാനും ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ കൺവീനറുമായ ജില്ലാ ആദിവാസി പുനരധിവാസ വികസന മിഷനുകൾ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുവേണ്ടി ചേരുന്ന സമയങ്ങളിലെല്ലാംതന്നെ (നിശ്ചിത കാലയളവിനുള്ളിൽ കൂടി) ജില്ലകളിലെ ട്രൈബൽ മിഷൻ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. |
| ബി | മുൻ സർക്കാരിന്റെ അവസാന രണ്ടു വർഷം സംസ്ഥാന വിഹിതമായി മിഷന് എത്ര കോടി രൂപ നൽകിയിരുന്നുവെന്ന് വ്യക്തമാക്കുമോ ; | ബി | മുൻ സർക്കാരിന്റെ അവസാന രണ്ടു വർഷം സംസ്ഥാന വിഹിതമായി (ബഡ്ജറ്റ് വിഹിതം) ആദിവാസി പുനരധിവാസ വികസന മിഷന് ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>വർഷം — തുക<br>2009-10 — 25 കോടി രൂപ<br>2010-11 — 15 കോടി രൂപ |
| സി | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ട്രൈബൽ മിഷന് സംസ്ഥാന വിഹിതമായി എത്ര തുക നൽകിയെന്നും ഏതൊക്കെ പരിപാടികൾക്കായി ചെലവഴിച്ചുവെന്നും അറിയിക്കാമോ ? | സി | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ട്രൈബൽ മിഷന് സംസ്ഥാന വിഹിതമായി (ബഡ്ജറ്റ് വിഹിതം) ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>വർഷം — തുക<br>2011-12 — 15 കോടി രൂപ<br>2012-13 — 20 കോടി രൂപ<br><br>പ്രസ്തുത തുക ഉപയോഗിച്ച് ടി വർഷങ്ങളിൽ അനുമതിയും ഫണ്ടും നൽകിയ പദ്ധതികളുടെയും ചെലവിന്റെയും വിവരം അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ക

## 2011-12, 2012-13 വർഷങ്ങളിലെ ചെലവു വിവരങ്ങൾ

| ക്രമ നം | പദ്ധതി | തുക (രൂപ) |
|---|---|---|
| | **2011-12** | |
| 1. | വയനാട് ജില്ലയിൽ ഫാസ്റ്റ് ട്രാക്ക് പ്രൊസീജിയർ ഗെഡ് ലൈൻ മുഖാന്തിരം ഭൂമി വിലയ്ക്കു വാങ്ങുന്നപദ്ധതിക്ക് | 10,00,00,000 |
| 2. | ഇടുക്കി - 54 വീടുകളുടെ പൂർത്തീകരണം | 94,50,000 |
| 3. | ഇടുക്കി - പന്തടിക്കളം - 80 ഏക്കർ കോളനികളിൽ കുടിവെള്ള പദ്ധതി | 65,32,000 |
| 4. | ഇടുക്കി - പൂപ്പാറ - ഭവന പുനരുദ്ധാരണം | 11,75,000 |
| 5. | എറണാകുളം ജില്ലയിൽ 138 വീടുകൾക്ക് 3 ഗഡുക്കൾ വീതം നൽകുന്നതിന് | 90,69,187 |
| 6. | ആറളം പുനരധിവാസ പ്രദേശത്തെ കുട്ടികൾക്ക് സ്കൂളിൽ പോയിവരുന്നതിന് ബസ് | 8,36,383 |
| 7. | ആറളം പുനരധിവാസ പ്രദേശത്ത് 15 കിണറുകൾ | 37,20,000 |
| 8. | സംസ്ഥാന മിഷന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചത് | 1,92,17,430 |
| | **ആകെ** | **15,00,00,000** |
| | **2012-13** | |
| 1. | ആറളം പുനരധിവാസ മേഖലയിൽ വിവിധ ബ്ലോക്കുകളെ ബന്ധിപ്പിക്കുന്ന 3 റോഡുകളും 4 കലുങ്കുകളും | 9,99,00,000 |
| 2. | ആറളം പുനരധിവാസ മേഖല - കാർഷിക വികസന പദ്ധതി | 19,60,000 |
| 3. | വയനാട് ജില്ല - മൃഗസംരക്ഷണ പദ്ധതികൾ | 59,60,000 |
| 4. | സുഗന്ധഗിരിയിലെ നിർമ്മാണം പൂർത്തിയാകാത്ത വീടുകൾ പൂർത്തിയാക്കുന്നതിന് പുതുക്കിയ നിരക്കിൽ ധനസഹായം | 4,09,32,300 |
| 5. | ഇടുക്കി ജില്ലയിലെ നിർമ്മാണം പൂർത്തിയാകാത്ത വീടുകൾ പൂർത്തിയാക്കുന്നതിന് പുതുക്കിയ നിരക്കിൽ ധനസഹായം | 1,20,15,000 |
| 6. | ഇടുക്കി ജില്ലയിൽ 216 കുടുംബങ്ങൾക്ക് 1000 ലിറ്റർ സിൻടെക്സ് വാട്ടർ ടാങ്ക് | 12,48,500 |
| 7. | സംസ്ഥാന മിഷൻ അക്കൗണ്ടിൽ നിക്ഷേപിച്ചത് | 3,79,84,200 |
| | **ആകെ** | **20,00,00,000** |

സെക്ഷൻ ഓഫീസർ